LIBRARY ARCHIVES Kerala Legislative Assembly

പ്ലാൻ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനമൊട്ടാകെ 220 വില്ലേജ് ഓഫീസുകളെയാണ് നാളിതുവരെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി പുനർ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുള്ളത്. ആയവയിൽ 126 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുള്ളതും ബാക്കിയുള്ളവയുടെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിക്കുന്നതിനായി 255 വില്ലേജ് ഓഫീസുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. ടി വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സി) വില്ലേജ് ഓഫീസുകളിൽനിന്നും ജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച ഇ-ഡിസ്ട്രിക്ട് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഇ-ഡിസ്ട്രിക്ട് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കും.

പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം

30(*120) ശ്രീ. എം. എം. മണി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. ടി. എ. റഹീം:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻസർക്കാർ ആവിഷ്കരിച്ച പുതിയ കാലം പുതിയ നിർമ്മാണം എന്ന നയത്തിന്റെ ഭാഗമായി മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനയ്ക്കായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ടോ?

(എ&ബി) പൊതുമരാമത്ത് പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിവരുന്നത്. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷത്തിനുമുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും 1st tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. 2nd tier ഗുണനിലവാര പരിശോധനയ്ക്ക് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ഗുണനിലവാര പരിശോധനകളുടെ ഫലം പ്രൈസ് സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സാങ്കേതിക രംഗത്തെ നവീനതകൾ അറിയുന്നതിനും ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി പരിശീലന പരിപാടികളും ശിൽപശാലകളും സംഘടിപ്പിച്ചുവരുന്നു. പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെയും നാല് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും ഉൾപ്പെടുത്തി ശക്തിപ്പെടുത്തിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യുവർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാര മില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതും ദീർഘകാലം ഈടുനിൽക്കുന്നതുമായ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ റോഡ് നിർമ്മാണത്തിന് വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ; വ്യക്തമാക്കാമോ?

ദീർഘകാലം ഈടുനിൽക്കുന്നതും പരിപാലന ചെലവ് കുറഞ്ഞതുമായ വൈറ്റ് ടോപ്പിംഗ് സാങ്കേതിക വിദ്യ, വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, ഗതാഗത തിരക്കുള്ള നഗരപാതകൾ തുടങ്ങിയ സ്ഥലങ്ങളിൽ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വൈറ്റ് ടോപ്പിംഗ് രീതിയിലുള്ള റോഡ് പ്രവൃത്തികൾ 15 മുതൽ 20 വർഷംവരെ

LIBRARY ARCHIVES Kerala Legislative Assembly

ഈടുനിൽക്കുന്നവയാണ്. ഇന്ത്യൻ റോഡ്സ് കോൺഗ്രസ് IRC SP: 76-2015 പ്രകാരം വൈറ്റ് ടോപ്പിംഗ് നിർമ്മാണ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആലപ്പുഴ നഗര റോഡുകളുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വൈറ്റ് ടോപ്പിംഗ് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ 12 ഇടനാഴികളിലായി 12.17 കി.മീ. നീളത്തിൽ വൈറ്റ് ടോപ്പിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 3.5 കി.മീ. വൈറ്റ് ടോപ്പിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും പ്രവൃത്തികൾ പുരോഗതിയിലുമാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തിരൂർ നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

1 (750) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ പാലങ്ങൾ വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ താഴെപ്പാലം പാരലൽ ബ്രിഡ്ജിന്റെ പ്രവൃത്തിയാണുള്ളത്. 14-7-2009-ൽ 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച തിരൂർ താഴെപ്പാലം പാലത്തിന് ആദ്യം നിർദ്ദേശിച്ച ഭാഗത്ത് സ്ഥലം ലഭ്യമാകാത്തതിനെ തുടർന്നാണ് ഇപ്പോഴത്തെ ഭാഗത്ത് സമാന്തര പാലമായി വിഭാവനം ചെയ്തതും 25-3-2017-ന് അപ്രോച്ച് റോഡില്ലാതെ പാലം നിർമ്മാണം മാത്രം പൂർത്തീകരിക്കുകയും ചെയ്തത്. അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുത്ത് പ്രസ്തുത പ്രവൃത്തിയിൽ തിരൂർ ഭാഗത്തേയ്ക്കുള്ള സംരക്ഷണ ഭിത്തി പൂർണ്ണമായും എർത്ത് ഫില്ലിംഗ് ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. താനൂർ ഭാഗത്തേയ്ക്കുള്ള സംരക്ഷണ ഭിത്തിയും രണ്ടു ഭാഗത്തേയ്ക്കുള്ള അനുബന്ധ റോഡുകളും റോഡ് സേഫ്റ്റി പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്. നിരത്ത്, കെട്ടിടവിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം- I ആയി ചേർക്കുന്നു*.

(ബി) ഭരണാനുമതിക്കായി സമർപ്പിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും അറിയിക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.